"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ആലൂർ എ.യു.പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2732/2025/GEDN തീയതി,തിരുവനന്തപുരം, 19-04-2025

---

പരാമർശം:-

1. പാലക്കാട് ആലൂർ എ യു പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 26/11/2024 തീയതിയിലെ പുന പരിശോധനാ ഹർജി
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04/02/2025 തീയതിയിലെ ആർഎ1/1081/2025-ഡിജിഇനമ്പർ കത്ത്.
3. തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/01/2025 തീയതിയിലെ AEOTRL/44/2025-D നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട്, ആലൂർ എ.യു.പി സ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിനെതിരെ ടി സ്കൂൾ മാനേജർ സ. ഉ (കൈ) നം. 54/2024/പൊ.വി.വ. തീയതി 1.6.2024-ലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ഹർജിക്കാരനെയും ബബന്ധപ്പെട്ട കക്ഷികളെയും 4.2.2025-ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

**2. ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു.**

2022-23 അദ്ധ്യയന വർഷത്തെ തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ആലൂർ എ.യു.പി സ്കൂളിന് അനുവദിച്ച തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ലഭ്യമായ എഫക്ടീവ് സ്ട്രെങ്ങ്തും തസ്തികകളും താഴെ പറയും പ്രകാരമാണ്.

| ക്ലാസ്സ് | I | II | III | IV | V | VI | VII | ആകെ |
|---|---|---|---|---|---|---|---|---|
| എഫക്ടീവ് സ്ട്രെങ്ങ്ത് | 64 | 72 | 81 | 64 | 102 | 100 | 107 | 590 |
| അനുവദിച്ച ഡിവിഷൻ | 3 | 3 | 3 | 3 | 4 | 3 | 4 | 23 |

ഒന്നാം ക്ലാസ്സിൽ 64 കുട്ടികൾ ആറാം പ്രവൃത്തി ദിവസത്തിൽ റോളിലുണ്ടായിരുന്നതാണ്. തസ്തിക നിർണ്ണയം അനുവദിച്ചതിനു ശേഷം താഴെ പറയും പ്രകാരം കുട്ടികളെ റോളിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതാണ്.

| ക്രമ നം. | അഡ്മിഷൻ നം | കുട്ടിയുടെ പേര് | ക്ലാസ്സ് | ടി.സി നമ്പർ | ടി.സി നൽകിയ വിദ്യാലയം | തീയതി |
|---|---|---|---|---|---|---|
| 1 | 8773 | പരംഭ്യയ | 1 | 151/2022 | പർലാൽപൂർ എച്ച്.എസ് | 07/10/22 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | മൽഡ വെസ്റ്റ് ബംഗാൾ | |
| 2 | 8824 | അയിഷ | 1 | 152/2022 | SVJBS Kuttippala | 27/10/22 |
| 3 | 8877 | മണികണ്ഠൻ | ദീർഘമായ ഹാജരില്ലായ്മ | | | 07/07/22 |
| 4 | 8770 | ഇർഫാന തസ്നി | മരണം മൂലം | | | 09/11/22 |

ആറാം പ്രവൃത്തി ദിവസത്തെ റോൾ സ്ട്രെങ്ങ്തിൽ നിന്നും മുകളിൽ പ്രസ്താവിച്ച പ്രകാരം രണ്ട് കുട്ടികൾ ടി.സി മുഖേനയും ഒരു കുട്ടി ദീർഘമായി ഹാജരില്ലാത്തതിനാലും വിടുതൽ ചെയ്തിരുന്നു. അഡ്മിഷൻ നമ്പർ 8770 ഇർഫാന തസ്നി എന്ന കുട്ടി 9.11.2022-ന് മരണപ്പെടുകയായിരുന്നു. ഇപ്രകാരം റോൾ സ്ട്രെങ്ങ്ത് 60 ആയിട്ടുള്ളതും തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ജി.ഒ (പി) നം. 18.4.2022-ലെ 5/2022 പ്രകാരം തസ്തിക പുനർ നിർണ്ണയിക്കുകയും ഒന്നാം ക്ലാസ്സിൽ ഒരു ഡിവിഷൻ കുറവ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ഈ നടപടിക്കെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പുനഃപരിശോധന ഹർജി സമർപ്പിച്ചത് നിരസിക്കുകയായിരുന്നു.

64 കുട്ടികൾ ഒന്നാം തരത്തിൽ ഉണ്ടായിരുന്നതിൽ 3 കുട്ടികൾ വിടുതൽ ചെയ്തത് രക്ഷിതാക്കളുടെ അപേക്ഷ പരിഗണിച്ചും ദീർഘമായ ഹാജരില്ലാത്തതിനാലുമാണ്. എന്നാൽ 9.11.2022-ന് മരണപ്പെട്ട ഇർഫാന തസ്നി എന്ന കുട്ടിയെ റോളിൽ നിന്നും നീക്കം ചെയ്യുന്നതിനായി സ്കൂൾ അധികൃതർ നിർബന്ധിതാവസ്ഥയിലായതിനാലാണ്. മരണപ്പെട്ടില്ലായിരുന്നുവെങ്കിൽ കുട്ടി റോളിൽ തുടരുമായിരുന്നു. ഈ സാഹചര്യത്തിൽ മരണം മൂലം റോളിൽ നിന്നും നീക്കം ചെയ്ത കുട്ടിയെ റോളിൽ തുടരുന്നതായി പരിഗണിച്ച് അനുവദിച്ച തസ്തിക അതേ പടി നിലനിർത്തി ഉത്തരവിനായി അപേക്ഷിക്കുന്നു.

3. **വിദ്യാഭ്യാസ അധികാരികളുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽപ്പെട്ട ആലൂർ എ.എം. യു.പി സ്കൂളിലെ ആറാം പ്രവൃത്തി ദിവസത്തിനു ശേഷം ഒന്നാം ക്ലാസ്സിൽ നിന്നും കുട്ടികളെ വിടുതൽ ചെയ്തു എന്ന കാരണത്താൽ ടി സ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയം പുനർ നിർണ്ണയിച്ച തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെയാണ് മാനേജർ സർക്കാരിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. ഒന്നാം ക്ലാസ്സിൽ 64 കുട്ടികൾ ഉണ്ടായിരുന്നതിൽ ടി.സി വാങ്ങിപോയ കുട്ടികളിൽ, ഒരു കുട്ടി മരണപ്പെട്ടു പോയതാണെന്നും, ടി കുട്ടിയെ പരിഗണിച്ചാൽ 61 കുട്ടികൾ ലഭ്യമാകുമെന്നും, ആയത് പ്രകാരം മുൻ വർഷം അനുവദിച്ച തസ്തികകൾ 2022-23 വർഷത്തിൽ നിലനിർത്തി നൽകണം എന്നതാണ് അപ്പീലിലെ ആവശ്യം.

ആലൂർ എ. യു.പി സ്കൂളിൽ 2022-23 അദ്ധ്യയന വർഷം സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം (30.7.2022 ലെ ദീ.തീ.D/45829/2022 നമ്പർ ഉത്തരവ്) 23 ഡിവിഷനുകളും അനുബന്ധ തസ്തികകളും അനുവദിച്ചിരുന്നു. (യു.പി.എസ്.ടി-11, എൽ.പി.എസ്.ടി-12). ഇതിൽ ഒന്നാം ക്ലാസ്സിൽ 64 കുട്ടികൾ പഠിക്കുന്നതിനാൽ 3 ഡിവിഷനാണ് അനുവദിച്ചിരുന്നത്. എന്നാൽ ഒന്നാം ക്ലാസ്സിലെ 4 കുട്ടികളെ ആറാം സാദ്ധ്യായ ദിനത്തിന് ശേഷം റോളിൽ നിന്നും നീക്കം ചെയ്തതായി 28.12.2022-ലെ കത്ത് പ്രകാരം സ്കൂൾ പ്രധാനാദ്ധ്യാപിക രേഖാമൂലം ഉപജില്ല വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിരുന്നു. ആയതിനാൽ ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം 64 എന്നത് 60 ആയി കുറയുന്നതിനാൽ ഒരു ഡിവിഷനും അനുബന്ധമായി ഒരു എൽ.പി.എസ്.ടി തസ്തികയും കുറയുന്നുണ്ട്. 8.4.2022-ലെ സ.ഉ (പി) 05/2022/പൊ.വി.വ ഉത്തരവിലെ നിർദ്ദേശ പ്രകാരം തസ്തികയും ഡിവിഷനും കുറവ് ചെയ്ത് സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് റിവൈസ് ചെയ്യേണ്ടതുണ്ടോ എന്നും, സമന്വയയിൽ എപ്രകാരമാണ് റിവൈസ് ചെയ്യേണ്ടത് എന്നും സ്പഷ്ടീകരണം തേടി പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ വിദ്യാഭ്യാസ

ഡയറക്ടർക്ക് കത്ത് നൽകുകയും, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശം നൽകിയത് പ്രകാരം ടി സ്കൂളിലെ ഒരു ഡിവിഷനും ഒരു എൽ.പി.എസ്.ടി തസ്തികയും കുറവ് ചെയ്തുകൊണ്ട് തസ്തിക നിർണ്ണയം പുനർ നിർണ്ണയിച്ച് ഉത്തരവായി എന്ന് തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8.4.2022-ലെ സ.ഉ (പി) 05/2022/പൊ.വി.വ പ്രകാരമുള്ള കെ.ഇ.ആർ ഭേദഗതി പ്രകാരം, ആറാം പ്രവൃത്തി ദിവസത്തെ കണക്കു പ്രകാരം തസ്തിക നിർണ്ണയം നടത്തിയതിനു ശേഷം അടുത്ത ജനുവരി 31 വരെ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നാൽ തസ്തിക ഭേദഗതി ചെയ്യണം എന്ന നിർദ്ദേശം ഉണ്ട്. ടി സ്കൂളിൽ ഒന്നാം ക്ലാസ്സിൽ ആറാം സാദ്ധ്യായ ദിവസത്തിൽ ഉണ്ടായിരുന്ന 64 കുട്ടികളിൽ 4 കുട്ടികളെ ആറാം സാദ്ധ്യായ ദിനത്തിന് ശേഷം റോളിൽ നിന്നും നീക്കം ചെയ്തിട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തസ്തിക പുനർനിർണ്ണയിച്ച നൽകിയ തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമുള്ളതാണ് എന്ന് കാണുന്നു.
ഇതേ വിഷയത്തിൽ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീൽ നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്.

4. സർക്കാർ ഇക്കാര്യം നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ആറാം സാദ്ധ്യായ ദിവസത്തിനു ശേഷം ഒന്നാം ക്ലാസ്സിൽ മരണം മൂലം റോളിൽ നിന്നും നീക്കം ചെയ്ത ഒരു കുട്ടിയെ റോളിൽ തുടരുന്നതായി പരിഗണിച്ച് അനുവദിച്ച തസ്തിക അതേ പടി നിലനിർത്തി ഉത്തരവാകണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം. പാലക്കാട് ആലൂർ എ.വി.യു.പി സ്കൂളിൽ 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 23 ഡിവിഷനുകളും അനുബന്ധ തസ്തികകളും അനുവദിച്ചിരുന്നു. ഒന്നാം ക്ലാസ്സിൽ 64 കുട്ടികൾ ഉണ്ടായിരുന്നതിനാൽ 3 ഡിവിഷൻ അനുവദിച്ചിരുന്നു. ആറാം സാധ്യായ ദിനത്തിനു ശേഷം ഒരു കുട്ടി മരണപ്പെട്ടതുൾപ്പെടെ 4 കുട്ടികളെ റോളിൽ നിന്നും നീക്കം ചെയ്തതായി പ്രധാനാദ്ധ്യാപിക റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 8.4.2022-ലെ സ.ഉ (പി)5/2022/പൊ.വി.വ ഉത്തരവ് പ്രകാരം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ക്ലാസ്സിലെ ഒരു ഡിവിഷനും ഒരു എൽ.പി.എസ്.ടി തസ്തികയും കുറവ് ചെയ്തുകൊണ്ട് തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ച് തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ (പി)5/2022/പൊ.വി.വ തീയതി 8.4.2022 പ്രകാരമുള്ള കെ.ഇ.ആർ ഭേദഗതി പ്രകാരം, ആറാം പ്രവൃത്തി ദിവസത്തെ കണക്ക് പ്രകാരം തസ്തിക നിർണ്ണയം നടത്തിയതിനു ശേഷം അടുത്ത ജനുവരി 31 വരെ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നാൽ ഭേദഗതി ചെയ്യണമെന്ന നിർദ്ദേശം ഉണ്ട്. മരണം മൂലം റോളിൽ നിന്നും നീക്കം ചെയ്ത കുട്ടിയെ റോളിൽ തുടരുന്നതായി പരിഗണിക്കുവാൻ ടി ഉത്തരവിൽ വ്യവസ്ഥ ഇല്ല. ആയതിന്റെ അടിസ്ഥാനത്തിൽ തസ്തിക പുനർനിർണ്ണയിച്ചുകൊണ്ടുള്ള തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് ക്രമപ്രകാരമാണ്.

മേൽ സാഹചര്യത്തിൽ ഒന്നാം ക്ലാസ്സിൽ അനുവദിച്ച തസ്തിക അതേ പടി നിലനിർത്തണമെന്ന ആലൂർ എ.യു.പി സ്കൂൾ മാനേജരുടെ ആവശ്യം നിരസിച്ച് ടിയാൾ സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 പുനപരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല.
മാനേജർ, എ യു പി സ്കൂൾ , ആലൂർ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ യു പി സ്കൂൾ , ആലൂർ, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 22-04-2025 11:01:04

സെക്ഷൻ ഓഫീസർ